**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1047** **10-08-2023 - ൽ മറുപടിയ്ക്ക്**

**കുന്നംകുളം മണ്ഡലത്തിലെ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഭൂജല വകുപ്പ് മുഖേന നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ ഭാഗമായി കുന്നംകുളം മണ്ഡലത്തിൽ നിന്നും ഏതെങ്കിലും പഞ്ചായത്ത് ഭരണാനുമതിയ്ക്കും സാങ്കേതികാനുമതിയ്ക്കുമായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഭൂജല വകുപ്പ് മുഖേന നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ കുന്ദംകുളം മണ്ഡലത്തിൽ നിന്നും ചൊവ്വന്നൂർ പഞ്ചായത്തിലെ നീർക്കാട് കുടിവെള്ള പദ്ധതിയ്ക്കും പോർക്കുളം പഞ്ചായത്തിലെ സെന്റ് ജോർജ്ജ് കുടിവെള്ള പദ്ധതിയ്ക്കും കുഴൽ കിണർ നിർമ്മാണം നടത്തുകയും ജലലഭ്യതാ പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. ഭൂജല വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ടി കുടിവെള്ള പദ്ധതികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തി നടപ്പിലാക്കുന്നതിനായി ഭരണാനുമതിക്കും സാങ്കേതികാനുമതിക്കും വേണ്ടിയുള്ള പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത പ്രൊപ്പോസലിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ഭൂജല വകുപ്പ് മുഖേന നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ കുന്ദംകുളം മണ്ഡലത്തിൽ നിന്നും ചൊവ്വന്നൂർ പഞ്ചായത്തിലെ നീർക്കാട് കുടിവെള്ള പദ്ധതിയ്ക്കും പോർക്കുളം പഞ്ചായത്തിലെ സെന്റ് ജോർജ്ജ് കുടിവെള്ള പദ്ധതിയ്ക്കും കുഴൽ കിണർ നിർമ്മാണം നടത്തുകയും ജലലഭ്യതാ പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. ഭൂജല വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ടി കുടിവെള്ള പദ്ധതികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തി നടപ്പിലാക്കുന്നതിനായി ഭരണാനുമതിക്കും സാങ്കേതികാനുമതിക്കും വേണ്ടിയുള്ള പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. |
| (സി) | പ്രസ്തുത പദ്ധതി എപ്പോൾ നടപ്പിലാകും എന്ന് വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് കുടിവെള്ള ലഭ്യത പൂർണ്ണമായോ, ഭാഗികമായോ ഇല്ലാത്ത പ്രദേശങ്ങളിൽ ജലവിതരണം നടത്തുന്നതിനുവേണ്ടി ഭൂജലവകുപ്പ് ചെറുകിട കുടിവെള്ള പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. കുഴൽക്കിണറിൽ നിന്നുള്ള ജലലഭ്യത അനുസരിച്ച് 25 മുതൽ 100 കുടുംബങ്ങളുടെ വരെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയുന്ന വിധത്തിലാണ് ഓരോ |

| | | | |
|---|---|---|---|
| | | | കുടിവെള്ള പദ്ധതികളും നടപ്പിലാക്കി വരുന്നത്. ഇതിനായി നാല് കോടി രൂപ മാത്രമാണ് സംസ്ഥാന ബഡ്ജറ്റിൽ ഈ സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ളത്. കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ബഹു.എം.എൽ.എ മാർ ഉൾപ്പെടെയുള്ളവരുടെ നിർദ്ദേശപ്രകാരം അനവധി പദ്ധതികൾക്ക് അനുമതി നൽകുന്നതിന് വകുപ്പിലേക്ക് ശുപാർശ ലഭിച്ചു വരുന്നുണ്ട്. നിലവിൽ ബഡ്ജറ്റ് വിഹിതത്തിനു അനുസരിച്ചുള്ള തുകയ്ക്ക് ഭരണാനുമതി നൽകി കഴിഞ്ഞു. പ്രസ്തുത ശീർഷകത്തിൽ അധികമായി തുക ലഭിക്കുന്ന മുറയ്ക്ക് ഈ പ്രൊപ്പോസലുകൾ പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ